RAS
KE
GOVI
THIRU

**നോട്ടിഫിക്കേഷൻ നം.എ1/50/2025/റൂസ-എസ്.പി.ഡി തീയതി 22-05-2025**

**റൂസയിൽ റിസർച്ച് ഓഫീസർ (അന്യത്ര സേവനം) അപേക്ഷ ക്ഷണിച്ചു**

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുളള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) യുടെ തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ റിസർച്ച് ഓഫീസർ തസ്തികയിലെ രണ്ട് (2) ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനുളള അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയോ സർക്കാർ/എയിഡഡ് കോളേജുകളിലെയോ അസിസ്റ്റന്റ്/ അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. റൂസ/പി.എം.ഉഷ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർവ്വകലാശാലകൾ/കോളേജുകൾ സമർപ്പിക്കുന്ന ഡി.പി.ആർ-കളുടെ പരിശോധന, പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉപദേശം നൽകൽ, ഉന്നത വിദ്യാഭ്യാസ മന്ത്രാലയത്തിന് മുമ്പാകെ സമർപ്പിക്കേണ്ടുന്ന രേഖകൾ തയ്യാറാക്കൽ തുടങ്ങിയവ റിസർച്ച് ഓഫീസർ തസ്തികയുടെ ചുമതലകളിൽ ഉൾപ്പെടുന്നതാണ്. താൽ പ്പര്യമുളളവർ അധികാരികളിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ റൂസ സംസ്ഥാന കാര്യാലയത്തിൽ ലഭിക്കേണ്ട <u>അവസാന തീയതി 20/06/2025 (വെള്ളിയാഴ്ച) 5.00 P.M. വിലാസം: സ്റ്റേറ്റ് പ്രൊജക്ട് കോ-ഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, യൂണിവേഴ്സിറ്റി പി.ഓ., തിരുവനന്തപുരം - 695034. ഇ-മെയിൽ : keralarusa@gmail.com, ഫോൺ നമ്പർ - 0471 2303036</u>.

Signed by Arun S Nair
Date: 23-05-2025 12:02:25

**Dr. Arun S Nair IAS**

**COMMISSIONER**

Dep